മഹാത്മാഗാന്ധി സർവ്വകലാശാല
(സംഗ്രഹം)

ജീവനക്കാര്യം: മഹാത്മാഗാന്ധി സർവ്വകലാശാല ഡാറ്റാ സെൻറർ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ കാര്യത്തിൽ എടുത്ത തീരുമാനങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ 1 സെക്ഷൻ

നം.3369/എ1/2/2017/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ് 03.06.2017

സൂചന: മഹാത്മാഗാന്ധി സർവ്വകലാശാല ഡാറ്റാ സെൻറർ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് 09.05.2017 നും 24.05.2017 നും വൈസ്-ചാൻസിലറുടെ ഓഫീസിൽ വച്ചു നടന്ന ചർച്ചകളുടെ മിനിറ്റ്സ്

<u>ഉത്തരവ്</u>

ഡാറ്റാ സെൻറർ നിർമ്മാണം പൂർത്തിയായതായി M/s കെൽട്രോൺ അറിയിച്ചതിനെ തുടർന്ന് ഇതു സംബന്ധിച്ച് നടന്ന ചർച്ചകളുടെ മിനിറ്റ്സ്, സൂചന പ്രകാരമുള്ളത് വൈസ്-ചാൻസിലർ അംഗീകരിക്കുകയും, ആയതിൻെറ അടിസ്ഥാനത്തിൽ താഴെ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനായി വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. ഡാറ്റാ സെൻറർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞാൽ അതിനുള്ളിൽ പ്രവേശനം സിസ്റ്റം മാനേജർ ശ്രീ. എം.വി. ഹരികൃഷ്ണൻ, നെറ്റ് വർക്ക് എഞ്ചിനീയർ ശ്രീ. ബിനോജ് ചെറിയാൻ എന്നിവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. മറ്റാരെയെങ്കിലും പ്രവേശിപ്പിക്കേണ്ട സാഹചര്യത്തിൽ അത് മേൽ പരാമർശിച്ച ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ മാത്രമായിരിക്കും.

2. യു.പി.എസ്., ജനറേറ്റർ, എ.സി. തുടങ്ങിയ ഉപകരണങ്ങളുടെ മെയിൻറനൻസിനായി ഇലക്ട്രീഷ്യൻ ശ്രീ. ഷാജി മോനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ടിയാൻ ചുരുങ്ങിയത് മൂന്ന് ദിവസത്തിനൊരിക്കൽ ജനറേറ്ററിൽ നിറച്ചിരിക്കുന്ന ഇന്ധനത്തിൻെറ അളവ് പരിശോധിച്ച് സിസ്റ്റം മാനേജരുടെ പക്കൽ സൂക്ഷിക്കുന്ന രജിസ്ട്രറിൽ രേഖപ്പെടുത്തേണ്ടതും ഇന്ധനം 100 ലിറ്ററിൽ താഴെയാകുന്ന പക്ഷം 50 ലിറ്റർ വീതം നിറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, ആയതിലേയ്ക്ക് 50 ലിറ്റർ ഡീസൽ സ്ഥിരം സ്റ്റോക്ക് ചെയ്യുന്നതിന് സംവിധാനം ഒരുക്കേണ്ടതുമാണ്.

3. പുതിയ പരീക്ഷാഭവൻെറ 4, 5 നിലകളിലെ നെറ്റ് വർക്കിംഗ് സർവ്വകലാശാല ഫണ്ടിൽ നിന്നും നടത്തേണ്ടതാണ്. ആയതിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ സർവ്വകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ശ്രീലത എൻ

അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം) I

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാ വിഭാഗം/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
6. ഓഡിറ്റ് II/III/ഫിനാൻസ് I/II/എ.ഡി.എ IV/എഡി. എVIII/എ.സി.സി
7. പി&ഡി I/II/III/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂ.എ.സി.
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഫിനാൻസ് കമ്പ്യൂട്ടർ സെൽ
9. റക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

റഫറൻസ് നമ്പർ എഡി.എ1-2-225/2017

സെക്ഷൻ ഓഫീസർ